കണ്ടെത്തിയ ശ്രദ്ധേയമായ കാര്യങ്ങളടങ്ങിയ ഒരു സമാഹൃത റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതും അതിനുശേഷം മൂന്നുമാസത്തിനകം സർക്കാർ ടി റിപ്പോർട്ട് നിയമസഭയിൽ വയ്ക്കേണ്ടതുമാണ്.

(എഫ്) 1998, 1999, 1999-2000 എന്നീ വർഷങ്ങളിലെ സമാഹൃത റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

(ജി) ബാധകമല്ല.

(എച്ച്) ലോക്കൽ ഫണ്ട് ഡയറക്ടർ സർക്കാരിന് സമർപ്പിച്ച എല്ലാ സമാഹൃത റിപ്പോർട്ടുകളും ഇതിനകം തന്നെ സഭ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ ആഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ ആഡിറ്റിംഗ്

28 (1304) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ ആഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ ആഡിറ്റിംഗിൽ അപരിഹാര്യമായ ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം പ്രസ്തുത ക്രമക്കേടുകൾ കാണിച്ച ഉദ്യോഗസ്ഥന്റെ മേൽ ചാർജ്ജ്-സർചാർജ്ജ് നടപടികൾ എടുത്ത് തുക തിരിച്ചടപ്പിക്കാനുള്ള അധികാരം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ഡയറക്ടർക്കുണ്ടോ ;

(ബി) എങ്കിൽ പഞ്ചായത്തുരാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഇതുവരെ പുറപ്പെടുവിച്ച ആഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമവിധേയമല്ലാതെ തുക ചെലവഴിച്ച ഉദ്യോഗസ്ഥന്മാരുടെ മേൽ 1996-നുശേഷം ആകെ എന്തു തുകയ്ക്കുള്ള ചാർജ്ജ്-സർചാർജ്ജ് നോട്ടീസുകളാണ് പുറപ്പെടുവിച്ചിട്ടുള്ളത് ;

(സി) ഈയിനത്തിൽ എന്തു തുക നാളിതുവരെ തിരിച്ചടപ്പിച്ചു എന്ന് വ്യക്തമാക്കാമോ ;

(ഡി) ഏതുവർഷം വരെ പുറപ്പെടുവിച്ച ആഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ചാർജ്ജ്-സർചാർജ്ജ് നോട്ടീസ് അയച്ചത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1996-നുശേഷം 12,44,886 രൂപയ്ക്കുള്ള ചാർജ്ജ് നോട്ടീസും, 27,94,069 രൂപയ്ക്കുള്ള സർചാർജ്ജ് നോട്ടീസും പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) നാളിതുവരെ ചാർജ്ജിനത്തിൽ 88,624 രൂപയും സർചാർജ്ജ് ഇനത്തിൽ 1,02,824 രൂപയും തിരിച്ചടപ്പിച്ചിട്ടുണ്ട്.

(ഡി) 1996-97 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ചാർജ്ജ്-സർചാർജ്ജ് നോട്ടീസുകൾ അയച്ചു കഴിഞ്ഞിട്ടുണ്ട്. 1997-98 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ചാർജ്ജ്-സർചാർജ്ജ് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly